**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **18-09-2025 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ വർഷം നടന്ന കായിക ഉച്ചകോടിയിലെ തീരുമാനങ്ങൾ എത്രത്തോളം നടപ്പാക്കിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായിക രംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.<br><br>കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br><br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെൻററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ് അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും ഉദ്ഘാടനം |

| | | | |
|---|---|---|---|
| | | | പൂർത്തിയായിട്ടുണ്ട്. കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തലോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി മികച്ച രീതിയിൽ നടന്നു വരുന്നു.<br><br>ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി.<br><br>ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇ സ്പോട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി എജൻസികളെ എംപാനൽ ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചതാണ്. സൂപ്പർ ലീഗ് കേരള ആദ്യ സീസൺ ഗംഭീരമായി പൂർത്തിയായി. രണ്ടാം സീസൺ ഒക്ടോബറിൽ നടക്കും. സമ്മിറ്റിൽ പ്രഖ്യാപിച്ച ക്രിക്കറ്റ് ലീഗ് രണ്ട് സീസൺ വിജയകരമായി പൂർത്തിയാക്കി. കേരള ക്രിക്കറ്റ് അസോസിയേഷൻ സമ്മിറ്റിൽ വാഗ്ദാനം ചെയ്ത 1200 കോടിയുടെ അടിസ്ഥാന സൗകര്യ വകസന പദ്ധതിയിലെ സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരികയാണ്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ നടന്നു വരികയും ചെയ്യുന്നു.<br><br>സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പരിപാലിക്കാനും എന്തെല്ലാം | (ബി) | സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | പുതിയ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | | കായികയുവജനകാര്യാലയത്തിന്റെ കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സംസ്ഥാനത്തൊട്ടാകെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യവികസന പ്രവൃത്തികൾ നടന്നു വരികയാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 16 സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങൾ, രണ്ടാംഘട്ടമായി 12 കളിസ്ഥലങ്ങൾ, മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കായികരംഗത്തെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനും അതത് കായിക ഇനങ്ങൾക്ക് അനുയോജ്യമായ രീതിയിലും ശാസ്ത്രീയമായ പരിശീലന സൗകര്യം ഒരുക്കുന്നതിനുമായി ജി.വി രാജ സെന്റർ ഫോർ എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ